"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ പ്രസാദ് പി മണിക്ക് പാലക്കാട് ജില്ലാ ആശുപത്രിയിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകിയ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തു ഉത്തരവ് - പുറപ്പെടുവിക്കുന്നു .

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2021/2025/H&FWD തീയതി,തിരുവനന്തപുരം, 23-07-2025

---

പരാമർശം:-
1. 12-06-2025 ലെ സ.ഉ (സാധാ) നം. 1636/2025/H&FWD
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20.06.2025 തീയതിയിലെ E.B1-2751/2025/ആവഡ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം ജനറൽ ആശുപത്രിയിലെ കാർഡിയോളജി വിഭാഗം കൺസൾട്ടന്റ് ആയ ഡോ പ്രസാദ് പി മണിക്ക് പരാമർശം (1) ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ ആശുപത്രിയിലെ കാത്ത് ലാബിലേക്ക് ആഴ്ചയിൽ മൂന്ന് ദിവസം ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകിയിരുന്നു. എന്നാൽ ടി ഉത്തരവ് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡോ പ്രസാദ് പി മണി സമർപ്പിച്ച അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു. ഡോ പ്രസാദ് പി മണി അപേക്ഷ സമർപ്പിച്ചതിനാലും പാലക്കാട് ജില്ലാ ആശുപത്രിയിൽ കാർഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കേണ്ട അടിയന്തര സാഹചര്യം പരിഗണിച്ചും കരുവേലിപ്പടി താലൂക്ക് ആശുപത്രിയിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടൻ്റും കാർഡിയോളജി യോഗ്യതയുമുള്ള ഡോ. ശ്രീജിത്ത്. എ.ജി-യെ ആഴ്ചയിൽ 3 ദിവസത്തേക്ക് പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക് നിയമിച്ചിട്ടുള്ള സാഹചര്യത്തിൽ കാർഡിയോളജി വിഭാഗം കൺസൾട്ടന്റ് ഡോ പ്രസാദ് പി മണിയെ പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച ഉത്തരവ് റദ്ദ് ചെയ്യണമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആരോഗ്യവകുപ്പ്

ഡയറക്ടറുടെ പരാമർശം (2) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ , എറണാകുളം ജനറൽ ആശുപത്രിയിലെ കാർഡിയോളജി വിഭാഗം കൺസൾട്ടന്റ് ആയ ഡോ പ്രസാദ് പി മണിക്ക് പാലക്കാട് ജില്ലാ ആശുപത്രിയിലെ കാത്ത് ലാബിലേക്ക് ആഴ്ചയിൽ മൂന്ന് ദിവസം ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകിക്കൊണ്ടുള്ള പരാമർശം (1) സർക്കാർ ഉത്തരവ് റദ്ദ് ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്, എറണാകുളം
ഡോ പ്രസാദ് പി മണി, കൺസൾട്ടന്റ്( കാർഡിയോളജി ) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരളം , തിരുവനന്തപുരം.
കരുതൽ ഫയൽ ( ഫയൽ നമ്പർ.A1/377/2025-Health )

ഉത്തരവിൻ പ്രകാരം
Signed by
Anupama G Nair
Date: 23-07-2025 12:34:37
സെക്ഷൻ ഓഫീസർ

<u>**മേലെഴുത്തു നം. ഇ.ബി1 -2751/2025/ആ.വ.ഡ തീയതി25-07-2025**</u>

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 25-07-2025 11:43:34

ആരോഗ്യ വകുപ്പ് ഡയറക്ടർ